(ബി) 1999 നവംബർ മാസത്തെ കണക്കനുസരിച്ച് ശരാശരി 10,67,000കി.മീ. ദിനംപ്രതി സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഇപ്പോൾ കി.മീറ്റർ അടിസ്ഥാനത്തിലല്ല നിയമനം നടത്തുന്നത്.

(ഡി) 1004 ഇൻസ്പെക്ടർമാർ.

(ഇ) ഇത്തരത്തിലുള്ള കണക്കെടുത്തിട്ടില്ല.

(എഫ്) കൂടുതൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വയനാട് ജില്ലയിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

101 (1156) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വയനാട് ജില്ലാ ഡിപ്പോയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയനാട് ജില്ലാ ഡിപ്പോയിലേക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(സി) കെ.എസ്.ആർ.ടി.സി. സുൽത്താൻ ബത്തേരി ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ കഴിഞ്ഞ വർഷം നിലവിലുള്ളതിൽ നിന്നും ഈ വർഷം വെട്ടിക്കുറച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സർവ്വീസ് വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) സുൽത്താൻ ബത്തേരി ഡിപ്പോയുടെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ബസുകളുടെ ലഭ്യതയനുസരിച്ച് വയനാട് മേഖലയ്ക്ക് പുതിയ ബസുകൾ അനുവദിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ ഒന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly